ശരിയല്ല, ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് എത്രയുംവേഗം കെ. എസ്. ആർ. ടി. സി. ക്കും നാടിനും തൊഴിലാളികൾക്കും ഉപകാരപ്രദമാകുംവിധം ഗവൺമെൻറ് പണം നൽകുന്നതിന് തയ്യാറാകുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ: എൻെറ ഓർമ്മ ശരിയാണെങ്കിൽ 1938-ൽ ആരംഭിച്ച ഒരു സ്ഥാപനമാണിത്. മൊത്തം 14 ഏക്കർ ഉണ്ട്. കെ. എസ്. ആർ. ടി. സി. ഏറെറടുത്തപ്പോൾ മൂകതയും ശ്മശാനതയും പോലുള്ള ഒരു അന്തരീക്ഷമാണവിടെയുണ്ടായിരുന്നത്. തൊഴിലാളികളെ വിളിച്ചുകൂട്ടുകയും അവരുടെ ശ്രമദാനത്തിൻെറ ഫലമായി വളരെ വൃത്തിയാക്കുവാനും കഴിഞ്ഞിട്ടുണ്ട്. അതിൻെറ ഫലമായിട്ടാണ് 150 ലക്ഷം രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളത്. അത് വിപുലീകരിക്കുന്നതിനും തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും ഗവൺമെൻറിൻെറ ഭാഗത്തു നിന്നും ഉണ്ടാകും.

ശ്രീ. സി. കെ. ചക്രപാണി: അങ്ങ് ട്രാൻസ്പോർട്ട് വകുപ്പു് മന്ത്രിയായി ചാർജ്ജെടുത്തതിനുശേഷം ട്രാൻസ്പോർട്ടു വകുപ്പിൻെറ പെർഫോമൻസ് വളരെ നന്നായിട്ടുണ്ട്. അതിൻെറ ഭാഗമായി ട്രിവാൻഡ്രം റബ്ബർ വർക്സ് ഏറെറടുത്ത് തൊഴിലാളികളെ നന്നാക്കാൻ തുടങ്ങി. സഖാവ് ഭരതൻ അങ്ങയോട് ഒരു ചോദ്യം ചോദിച്ചു. ചില നിക്ഷിപ്ത താൽപ്പര്യക്കാരുടെ ശ്രമത്തിൻെറ ഫലമായി ഇപ്പോൾ ആ സ്ഥാപനം കുളംതോണ്ടാൻ ഒരു ശ്രമം നടത്തിവരുന്നുണ്ട്. ഇത് അങ്ങ് മനസ്സിലാക്കണം. എം. ആർ. എഫ്.കാർ ഇതിൻെറ പിന്നിൽ ചില ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇത് അതിജീവിക്കുന്നതിനുവേണ്ടി എത്ര കൗണ്ടർ മെഷേർസ് ആണ് അങ്ങയുടെ പക്കലുള്ളതെന്ന് പറയാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ: കുളം തോണ്ടുന്ന ഒരു പ്രവർത്തനമൊന്നും അവിടെ നടന്നിട്ടില്ല. കാലാകാലങ്ങളിലായി നഷ്ടം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഇത് പുനരുദ്ധരിക്കുന്നതിനു വേണ്ടിയിട്ട് ജേർണൽ ലൂബ്രിക്കേറ്റിങ്ങ് പാഡ് റെയിൽവേ ഡിപ്പാർട്ടുമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. 72,000 പീസ് സപ്ലൈ ചെയ്യുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ഇത് വളർത്തിയെടുക്കുന്നതിനുവേണ്ടിയിട്ടുള്ള എല്ലാ ഏർപ്പാടുകളും പടിപടിയായി നടക്കുന്നതാണ്.

"അഹമ്മദ് നഗർ സമ്പ്രദായം"

* 313 (372) ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ :
,, എ. കെ. ശശീന്ദ്രൻ :
,, വി. സി. കബീർ :
,, ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു് മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) "അഹമ്മദ് നഗർ സമ്പ്രദായം" എന്ന പരിഷ്ക്കാരം എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ജില്ലാ കളക്ടറേറുകളിലാണ് അഹമ്മദനഗർ പരിഷ്ക്കാരം നടപ്പിലാക്കിയത് :

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപ്പിലാക്കിയതിന്റെ നേട്ടങ്ങൾ എന്താണ് ;

(ഡി) മറ്റു ജില്ലാ കളക്ടറേറ്റുകളിൽ ഈ നടപടി എന്നത്തേക്ക് തുടങ്ങുമെന്നു പറയാമോ ;

(ഇ) താലൂക്ക് ഓഫീസുകളിൽ ഈ നടപടി തുടങ്ങാൻ നടപടി എടുത്തിട്ടുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ആദ്യമായി മഹാരാഷ്ട്രാ സംസ്ഥാനത്ത് അഹമ്മദനഗർ കളക്ടറേറ്റിൽ ആഫീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി തുടങ്ങിയ ഒരു പരീക്ഷണ സമ്പ്രദായമാണിത്. ഇത് കേരളത്തിൽ ജില്ലാ ഭരണതലത്തിൽ കളക്ടറേറ്റുകളിലും തുടർന്ന് താലൂക്ക്-വില്ലേജ് തലങ്ങളിലും നടപ്പിലാക്കിവരുന്നു. അഹമ്മദനഗർ സമ്പ്രദായത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. ഓഫീസിന് കാര്യക്ഷമത വർദ്ധിപ്പിച്ച്, കാലവിളംബം ഒഴിവാക്കി പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തനം നടത്തുക.

2. ഭരണ തലത്തിൽ ഉദ്യോഗസ്ഥൻമാർക്കുള്ള പങ്കിനെക്കുറിച്ച് അവരെ ബോധവാൻമാരാക്കുകയും സുപ്രധാന തീരുമാനങ്ങളെടുക്കുന്നതിൽ അവരെ പങ്കാളികളാക്കുകയും ചെയ്യുക.

3. പൊതുജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തുകയും അവരോടുള്ള സമീപനത്തിൽ സേവന മനഃസ്ഥിതി വളർത്തിയെടുക്കുകയും ചെയ്യുക.

4. ഗവൺമെൻറിന്റെ പദ്ധതികളെയും അവയുടെ പ്രയോജനങ്ങളെയും പറ്റി പൊതുജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

5. ആഫീസുകളിൽ ഓരോ അന്വേഷണ/പരാതി കൗണ്ടർ ഏർപ്പെടുത്തുക.

6. ഫയലുകളും രേഖകളും വേഗത്തിൽ കണ്ടെടുക്കുകയും നടപടിയെടുക്കുകയും ചെയ്യാൻ സാദ്ധ്യമാകുന്ന വിധം ഭംഗിയായും ചിട്ടയായും ഓഫീസ് പുനഃസംവിധാനം ചെയ്യുക.

7. ഫാറങ്ങളും കുറിപ്പുകളും പ്രമാണീകരിക്കുക.

8. ഓഫീസുകളിലെ സാധാരണ ജോലികൾ കാര്യക്ഷമമായി നടത്തുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഉപവകുപ്പുകൾ (സെല്ലുകൾ) ഏർപ്പെടുത്തുക.

9. ജീവനക്കാരുടെ ഔദ്യോഗിക കൃത്യനിർവ്വഹണ രീതിയും പൊതുജനങ്ങളോടുള്ള സമീപന രീതിയും മെച്ചപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുക.

(ബി) കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, എറണാകുളം, കോട്ടയം എന്നീ കളക്ടറേറ്റുകളിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആഫീസുകളുടെ പ്രവർത്തന ശൈലി തന്നെ മെച്ചപ്പെട്ടു. ആഫീസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി എന്നതിനു പുറമേ പൊതുജനങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾ അധികാരികളെ നേരിട്ട് ബോധിപ്പിച്ച് പരിഹാരം തേടുന്നതിന് സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നു. കളക്ടറേറ്റുകളിലെ പ്രവർത്തനം മെച്ചപ്പെട്ടു എന്നതിനു പുറമേ താലൂക്ക്-വില്ലേജ് ആഫീസുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു.

(ഡി) എല്ലാ ജില്ലകളിലും ഈ സമ്പ്രദായം എത്രയും വേഗം നടപ്പിൽ വരുത്തുക എന്നതാണ് സർക്കാരിന്റെ നയം.

(ഇ) ഉണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ : ഓഫീസുകളിൽ കാര്യക്ഷമത വരുത്താൻവേണ്ടിയാണ് അഹമ്മദ്നഗർ പരിഷ്കാരം നടപ്പിലാക്കിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അങ്ങനെ നടപ്പിലാക്കിയ ജില്ലകളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ എത്ര ഫയലുകൾ വളരെ വേഗത്തിൽ ഡിസ്പോസ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് ; അവയുടെ പ്രവർത്തന വേഗതയെക്കുറിച്ച് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എന്താണ് പറയാനുള്ളത് ?

ശ്രീ. ടി. എം. ജേക്കബ് : എല്ലാ ജില്ലകളിൽനിന്നും ഫയലുകൾ ഡിസ്പോസ് ചെയ്ത കണക്ക് എന്റെ കയ്യിലില്ല. എന്നാലും മനസിലാക്കാൻ കഴിഞ്ഞിടത്തോളം ഈ സംവിധാനം ഏർപ്പെടുത്തിയതിനുശേഷം മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ വേഗത്തിൽ ഫയലുകൾ നീക്കം ചെയ്യുന്നുണ്ട്. പ്രത്യേകിച്ചും ദീർഘകാലമായി തീരുമാനമാകാതെ കിടക്കുന്ന ഫയലുകളിൻമേൽ വളരെ വേഗം തീരുമാനമുണ്ടാവുകയും ചെയ്തിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകളിൻമേൽ കൊല്ലം കളക്ടറേറ്റിലാണ് വളരെ വേഗത്തിൽ കാര്യക്ഷമമായി തീരുമാനമെടുത്തത്. അവിടെ കെട്ടിക്കിടന്ന ഫയലുകളിൽ ഏകദേശം 90-95 ശതമാനം വരെ ഡിസ്പോസ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ : കെട്ടിക്കിടക്കുന്ന ഫയലുകൾ ഡിസ്പോസ് ചെയ്യുകയെന്ന് പറയുമ്പോൾ കളക്ടറേറ്റിൽനിന്നും തഹശീൽദാർക്ക് അയയ്ക്കേണ്ട ഒരു കടലാസ്, തഹശീൽദാർക്ക് അയച്ചിരിക്കുന്നു എന്ന മറുപടി പരാതിക്കാരന് കിട്ടിയതിനുശേഷം ഫയലുകൾ ഡിസ്പോസ് ചെയ്തുവെന്ന് കണക്ക് കിട്ടുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അങ്ങനെ നേരത്തെയുണ്ടായിരുന്നു. ഈ പരിഷ്കാരം ഏർപ്പെടുത്തിയതിനുശേഷം കളക്ടറേറ്റിലും താലൂക്കാഫീസുകളിലും ചെയ്യുന്ന സംവിധാനമെന്നു പറയുന്നത്, ഉദാഹരണമായി പറഞ്ഞാൽ ഇപ്പോൾ സബോർഡിനേറ്റ് ഓഫീസുകളിലേക്ക് കളക്ടറേറ്റിൽനിന്ന് പ്രത്യേകമായി ഒരു ഉദ്യോഗസ്ഥൻ ആർ.ഡി.ഒ. ഓഫീസിലും അതുപോലെതന്നെ താലൂക്കാഫീസിലും പോയി അവിടെനിന്ന് പെൻറിങ്ങ് കടലാസുകൾ ശേഖരിച്ചുകൊണ്ട് തിരിച്ച് കളക്ടറേറ്റിൽ വന്ന് തീരുമാനമെടുക്കുന്നുണ്ട്. നേരത്തെയുള്ള തീരുമാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. ഒരു കത്തയച്ചു കഴിഞ്ഞാൽ തന്നെ കാര്യം തീർന്നു എന്നുള്ള നിലയിലായിരുന്നു. ഈ സംവിധാനം ഏർപ്പെടുത്തിയതിനുശേഷം കാര്യങ്ങൾ വളരെ കാര്യക്ഷമമായി നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ : അഹമ്മദ് നഗർ പരിഷ്കാരം ഏർപ്പെടുത്തിയതിനുശേഷം ഫയലുകൾക്ക് വളരെ വേഗം പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ എട്ടും പത്തും വർഷങ്ങളായി തീരുമാനമെടുക്കാൻ കഴിയാതെ ചുവപ്പു നാടയിൽ കുരുങ്ങി ജീവിതമൊടുക്കേണ്ടി വരുന്ന ഒരുപാട് അനുഭവങ്ങളുണ്ട് എന്ന് പൊറീഷൻസ് കമ്മിറ്റി റിപ്പോർട്ടു തന്നെ ചൂണ്ടിക്കാണിച്ച പശ്ചാത്തലത്തിൽ താലൂക്കാഫീസുകളിലും കളക്ടറേറ്റുകളിലും നടപ്പിലാക്കുന്ന ഈ സമ്പ്രദായം സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകളെയും ബാധിക്കുന്ന തരത്തിൽ നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം രണ്ടു മൂന്ന് ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. അതിന്റെ ആദ്യത്തെ ചോദ്യത്തിന് മറുപടിയായി, ഈ സംവിധാനം ആദ്യമായി പരീക്ഷിച്ചത്, കൊല്ലത്താണ്. 6-1-1984-ൽ ആണ് അവിടെ തുടങ്ങിയത്. അപ്പോൾ വളരെ ദീർഘകാലമായി കിടന്ന കാര്യങ്ങളിൻമേൽ തീരുമാനമാക്കാൻ അതുവഴി സാധിച്ചു. മറ്റു ഒൻപത് കളക്ടറേറ്റുകളിൽ ഇപ്പോൾ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഏകദേശം പതിനാലു താലൂക്കാഫീസുകളിൽ അതിന്റെ സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. വില്ലേജുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ അങ്ങനെയൊരു സംവിധാനം ഏർപ്പെടുത്താൻ കഴിയുമോയെന്നുള്ള കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഞങ്ങളുടെ അനുഭവത്തിൽ പാലക്കാട് കളക്ടറേറ്റിലെ റവന്യൂ ഡിപ്പാർട്ടുമെന്റിൽ മാത്രമാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നാണ് തോന്നുന്നത്. റവന്യൂ ഡിപ്പാർട്ടുമെന്റിൽ മാത്രമല്ല, മറ്റു പല ഡിപ്പാർട്ടുമെന്റുകളിലും ഇതുപോലെ ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ട്. ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാതെ ഈ സെക്രട്ടേറിയറ്റും താലൂക്കാഫീസുകളുമായി ബന്ധപ്പെട്ട വളരെയേറെ ആളുകളുണ്ട്. അതുകൊണ്ട് ഈ പരിഷ്കാരം എല്ലാ ഡിപ്പാർട്ടുമെന്റുകളിലും താലൂക്ക് ഓഫീസുകളിലും ജില്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കാനാവശ്യമായ നടപടികൾ എടുക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : കളക്ടറേറ്റിൽ എന്നു പറയുമ്പോൾ അവിടെ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകൾക്കും ഈ പരിഷ്കാരം ബാധകമാണ്. അവിടെ പ്രവേശന കവാടത്തിൽ തുറക്കുന്ന റിസപ്ഷൻ കൗണ്ടറിൽ ചെല്ലുന്ന ആളിന് എന്താണ് ആവശ്യമെന്ന് അറിയാനും അതിനെക്കുറിച്ച് തീരുമാനമെടുക്കാനും വേണ്ടി അവിടെയൊരു ജൂനിയർ സൂപ്രണ്ട്, ഒരു ക്ലാർക്ക്, ഒരു പ്യൂൺ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അവരുടെ സഹായത്തോടുകൂടി മറ്റു സെക്ഷനുകളിൽ പോയി അന്വേഷിക്കുകയോ കൃത്യമായിട്ടുള്ള വിവരങ്ങൾ അറിയുകയോ ചെയ്യാം. പ്രത്യക്ഷത്തിൽ ആവിഷ്കരിക്കുന്ന ഈ പരിപാടി എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും ബാധകമാണ്. ഇതെല്ലാതലങ്ങളിലേക്കും വ്യാപിപ്പിക്കാനാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. വി. സി. കബീർ : അഹമ്മദ് നഗർ പരിഷ്കാരം നടപ്പിലാക്കുമ്പോൾ എല്ലാ ഓഫീസുകളിലും ആവശ്യമായ സ്റ്റാഫില്ലായെന്ന പരാതി വരുന്നതായി കേൾക്കുന്നു. ഇത് പരിഹരിക്കാൻവേണ്ടി എന്തെങ്കിലും നടപടി ആവിഷ്കരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : അഹമ്മദ് നഗർ പരിഷ്കാരം നടപ്പിലാക്കാൻ വേണ്ടി അഡിഷണൽ സ്റ്റാഫിനെ കൊടുക്കുക, അല്ലെങ്കിൽ അഡിഷണൽ പോസ്റ്റ് ക്രിയേറ്റ് ചെയ്യുക എന്നൊരു ഉദ്ദേശം ഗവൺമെൻറിനില്ല. നിലവിലുള്ള സ്റ്റാഫിനെ കൊണ്ടുതന്നെ കാര്യക്ഷമതയോടുകൂടിയും ചിട്ടയോടുകൂടിയും ജോലികൾ ചെയ്യുകയും അവരുടെ സഹായത്തോടുകൂടി ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുകയും ചെയ്യുകയെന്നുള്ളതാണ് ഗവൺമെൻറിന്റെ ഉദ്ദേശം.

ശ്രീ. വി. സി. കബീർ : ഉദ്യോഗസ്ഥൻമാരുടെ പെരുമാറ്റം നല്ല രീതിയിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് ഇവിടെ പറഞ്ഞു. പല ഓഫീസുകളിലും ആവശ്യമായ വിവരങ്ങൾ അന്വേഷിക്കുമ്പോൾ, സെക്രട്ടേറിയറ്റു മുതൽ വില്ലേജ് ആഫീസ് വരെ വളരെ മോശമായ പ്രതികരണമാണ് ജനങ്ങൾക്ക് ലഭിക്കുന്നത്. അത്തരം കാര്യങ്ങളെക്കുറിച്ച് ആക്ഷേപങ്ങൾ നൽകുമ്പോൾ ബന്ധപ്പെട്ട മന്ത്രിമാരിൽ നിന്നും യാതൊരു മറുപടിയും ഉണ്ടാകുന്നില്ലായെന്ന് ഞാൻ തന്നെ പല പരാതികളും കൊടുത്തുവെങ്കിലും നടപടി ഉണ്ടാകാത്ത സാഹചര്യമാണുള്ളത്. അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരിൽ നിന്ന് സാധാരണ ജനങ്ങൾക്ക് നല്ല പെരുമാറ്റം ഉണ്ടാക്കുന്നതിന് വല്ല പരിശീലന കളരിയും ആരംഭിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അഹമ്മദ് നഗർ പരിഷ്കാരം ഏർപ്പെടുത്തിയ സ്ഥലങ്ങളിലെ ജീവനക്കാർക്ക് പ്രത്യേകം ട്രെയിനിംഗ് കൊടുത്തിട്ടുണ്ട്. ഇവിടത്തെ 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറിനും ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. കൊല്ലം കളക്ടറേറ്റിൽത്തന്നെ പ്രത്യേകമായി ട്രെയിനിംഗ് കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിനു പുറമേ വീക്കിലി കോൺഫറൻസുകൾ വച്ച് ഇതിനെക്കുറിച്ചൊക്കെ ചർച്ച ചെയ്യാറുണ്ട്. സർക്കാർ ജീവനക്കാർ ജനങ്ങളോട് വളരെ നല്ല രീതിയിൽ പെരുമാറുകയും അവരുടെ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആക്ഷേപങ്ങൾ പല സ്ഥലങ്ങളിലും ഉണ്ടാകും. അതൊക്കെ പരിഹരിക്കാൻ നമുക്കിതു പോലുള്ള മാറ്റങ്ങൾ വഴിയേ സാധിക്കൂ.

ശ്രീ. എം. കെ. കേശവൻ : അഹമ്മദ് നഗർ പരിഷ്കാരം നടപ്പിലാക്കിയ ജില്ലകളുടെ കാര്യം ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ സമ്പ്രദായം നടപ്പിലാക്കിയ കോട്ടയം ജില്ലയിൽ സെക്രട്ടേറിയറ്റിൽനിന്ന് അയച്ച ഒരു ഫയൽ ഇരുപത്തിയേഴു ദിവസം വരെ ഒരു ഡിസ്ട്രിക്ട് ഓഫീസറുടെ മേശപ്പുറത്തിരിക്കേണ്ടി വന്നു. അതിനെക്കുറിച്ച് വീണ്ടും ആ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർക്ക് സെക്രട്ടേറിയറ്റിൽനിന്ന് കത്തയയ്ക്കുകയും ഞാൻ നേരിട്ട് പോയി സംസാരിക്കുകയും ചെയ്തതിനുശേഷമാണ് ഫയൽ ഇങ്ങോട്ടയച്ചത്. ഈ സമ്പ്രദായം നടപ്പിലാക്കിയതിനുശേഷവും കാലതാമസം വരുത്തുന്ന ആളുകളെക്കുറിച്ച് എന്തെങ്കിലും തരത്തിൽ പരിശോധനകൾ നടത്താൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : അഹമ്മദ് നഗർ പരിഷ്കാരം ഏർപ്പെടുത്തിയിരിക്കുന്ന ഓഫീസുകളിൽ വീക്കിലി കോൺഫറൻസുകൊണ്ട് ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട സംഗതി ഇതാണ്. നേരത്തെയുണ്ടായിരുന്ന സംവിധാനമനുസരിച്ച് ഫയലുകൾ അലമാരികളിലാണ് സൂക്ഷിച്ചിരിന്നത്. എന്നാൽ ഈ പരിഷ്കാരം ഏർപ്പെടുത്തിയ ഓഫീസുകളിൽ ഫയലുകൾ അലമാരകളിൽ നിന്ന് മാറി റാക്കുകളിലാണ് വയ്ക്കുന്നത്. 'ഒരു ക്ലാർക്കോ, സെക്ഷനാഫീസറോ വന്നിട്ടില്ലായെങ്കിൽ മറ്റൊരുദ്യോഗസ്ഥൻ വളരെ വേഗത്തിൽ ഫയലുകൾ കണ്ടുപിടിക്കാൻ കഴിയും. ദിവസങ്ങളോളം ഫയലുകൾ കെട്ടിവയ്ക്കുന്ന ഏർപ്പാടുകളുണ്ടായിരുന്നു. ചിലർ മേശയ്ക്കത്ത് വച്ചു പൂട്ടും,

LIBRARY ARCHIVES Kerala Legislative Assembly

മറ്റു ചിലർ അലമാരയ്ക്കകത്ത് വച്ച് പൂട്ടും എന്നിട്ട് പോകും. ആ രീതി മാറ്റി പെട്ടെന്ന് കണ്ടുപിടിക്കാനുള്ള സംവിധാനം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പരിഷ്കാരം വന്നതിനുശേഷം ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാം. അങ്ങനെയുള്ള പരാതികൾ ഉണ്ടായാൽ അന്വേഷിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. കെ. ടി. കണാരൻ : അഹമ്മദ് നഗർ പരിഷ്കാരത്തിന്റെ ഭാഗമെന്നുള്ള നിലയിൽ, കൂടുതൽ ജനങ്ങളുടെ പ്രശ്നപരിഹാരത്തിന് ഉദ്ദേശിച്ചിട്ടുള്ളതാണെങ്കിൽ, മന്ത്രിമാർക്ക് എം. എൽ. എ. മാർ നൽകുന്ന പെറ്റീഷനെ സംബന്ധിച്ചിടത്തോളം ഇത്ര ദിവസത്തിനുള്ളിൽ പൂർണ്ണമായ മറുപടി ലഭ്യമാകുമെന്നുള്ള തീരുമാനം മന്ത്രിമാരുടെ തലത്തിൽ സ്വീകരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : അത് തരുന്ന പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയിരിക്കും. മന്ത്രിമാർക്ക് പെറ്റീഷൻ തന്നാൽ ഉടനെ മറുപടി കൊടുക്കണം. എന്നെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ പെട്ടെന്ന് മറുപടി കൊടുക്കാൻ സാധിക്കുന്നുണ്ട്. എല്ലാപേരും അങ്ങനെചെയ്യണമെന്നുള്ളതാണ്. പൊതുവായിട്ടുള്ള ഒരു കാര്യം, എം. എൽ. എ. മാർ ഒരു പെറ്റീഷൻ തന്നാൽ അതിനു ഉടനെതന്നെ മന്ത്രിയുടെ ഓഫീസിൽനിന്ന് അക്നോളഡ്ജ്മെന്റ് ലെറ്റർ കൊടുക്കുകയെന്നുള്ളതാണ്. അതിനുശേഷം അതിന്റെ ഇന്റിമേഷൻ ആക്ഷൻ അത് സംബന്ധിച്ച ഡിപ്പാർട്ടുമെന്റിൽനിന്ന് വരികയും അവസാനം അത് ഗുണമാണെങ്കിലും ദോഷമാണെങ്കിലും എം. എൽ. എ. മാരെ അറിയിക്കുകയുമാണ് ചെയ്യുന്നത്. എന്തായാലും ഇത് വളരെ കാര്യക്ഷമതയോടുകൂടി നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : പാലക്കാട് ജില്ലയിൽ അഹമ്മദ്നഗർ പരിഷ്ക്കാരം നടപ്പിലാക്കിയിട്ട് സുമാർ ഒരു മാസത്തോളമായി. എന്നാൽ അവിടെ കാര്യമായ മാറ്റങ്ങളൊന്നും നടക്കുന്നില്ലായെന്നുള്ളതാണ് മനസ്സിലാക്കുന്നത്. സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നത്, താലൂക്കാഫീസുകളും വില്ലേജാഫീസുകളുമാണ്. ജില്ലാഓഫീസുകളിൽ ഈ കടലാസ്സുകൾ എത്തിയതിനുശേഷമാണ് പോകുന്നത്. സാധാരണ വില്ലേജാഫീസുകളിൽ കെട്ടിക്കിടക്കുന്ന കടലാസുകൾക്ക് ആണ് കാലതാമസം കൂടുതൽ വരുന്നത്. അതുകൊണ്ട് ഈ പരിഷ്ക്കാരം വില്ലേജാഫീസുകളിൽനിന്ന് തുടങ്ങി താലൂക്കാഫീസുകളിൽക്കൂടി വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : താലൂക്ക്, വില്ലേജാഫീസുകളിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. 1986 അവസാനമാകുമ്പോൾ എല്ലാ താലൂക്കാഫീസുകളിലും ഈ പരിഷ്ക്കാരം ഏർപ്പെടുത്തുന്നതാണ്.

ശ്രീ. ജി. വരദൻ : സാർ, ഇടുക്കി പിന്തങ്ങിയ ഇടം. അങ്ങു അമൈച്ചർ സൊന്നപടി പയലുകൾ എല്ലാം തൊടുപുഴയിൽ ഉൾളതു. ആകയാൽ ഉടനടിയാക ഇടുക്കിയെയും ലിസ്ടിൽ ഉട്പടുത്ത അമൈച്ചർ നടവടിക്കൈ എടുപ്പാർകളാ ?

ശ്രീ. ടി. എം. ജേക്കബ് : ഇടം റൊമ്പ കമ്മിയാക ഇരുക്കിറതു. ഇന്ത വരുടം സർക്കാർ പരിശോതിത്തു എപ്പടിയാവതു വേണ്ടിയ നടവടിക്കൈകൾ എടുക്കപ്പടും.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : അഹമ്മദ് നഗർ പരിഷ്ക്കാരത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥൻമാർക്ക് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ ആവശ്യമായ പ്രചോദനം കൊടുക്കാൻ എന്തു നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചിരിക്കുന്നതെന്ന് പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : അതിന് പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഇൻ സർവ്വീസ് ട്രെയിനിംഗ് കൊടുക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. അതുപോലെ തന്നെ വീക്കിലി കോൺഫറൻസ് നടത്തുന്നുണ്ട്. പിന്നെ അവരെ കാര്യങ്ങൾ ഒക്കെ പെട്ടെന്ന് ബോദ്ധ്യമാക്കാൻ വളരെ പ്രധാനപ്പെട്ട ചില സ്ലോഗൻസ് അവരുടെ അറിവോടും അംഗീകാരത്തോടുംകൂടി എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്. അതിൽ ഒന്നുരണ്ടെണ്ണം ഞാൻ വായിക്കാം. "നീതി നിഷേധിക്കപ്പെട്ടവരേ നിങ്ങളുടെ സങ്കടം പരിഹരിക്കപ്പെടും. സംശയിക്കേണ്ട ഞങ്ങളുടെ സേവനം നിങ്ങൾക്കുവേണ്ടി. രാഷ്ട്ര പുരോഗതി നമ്മുടെ ലക്ഷ്യം. സമയം നമുക്കുവേണ്ടി കാത്തു നിൽക്കുന്നില്ല". ഇങ്ങനെ തുടങ്ങി കുറെ സ്ലോഗൻസ് ഇവർക്കെല്ലാം കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കുന്നുണ്ട്. അപ്പോൾ അവരുടെ ഉള്ളിൽ കാര്യക്ഷമത, രാജ്യസ്നേഹം, ജനസേവനം ഇവയെല്ലാം കൂടുതൽ ഉണ്ടാക്കാൻ ഇതുവഴി സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സിറിയക് ജോൺ: കല്പറ, വയനാട് കളക്ടറേറ്റിൽ നമ്മുടെ ഉന്നതനായിട്ടുള്ള പാർലമെന്റംഗം ഡോക്ടർ അടിയോടി കളക്ടറെ കാണാൻ ചെന്നപ്പോൾ അവിടത്തെ ഡഫേദാർ പാസുണ്ടെങ്കിലേ കളക്ടറെ കാണാൻ പാടുള്ളൂ എന്നു പറഞ്ഞു. അപ്പോൾ ഡോക്ടർ അടിയോടി തന്നെ, ഞാൻ എം. പി. യാണ്, സ്ഥലത്തെ എം. പി. യാണ് എന്നു വെളിപ്പെടുത്തിയെങ്കിലും ഡഫേദാർ അദ്ദേഹത്തെ വിടാൻ കൂട്ടാക്കിയില്ല. ഡോക്ടർ അടിയോടി വിനയാന്വിതനായതുകൊണ്ടായിരിക്കാം, ഏതായാലും അദ്ദേഹം പാസു വാങ്ങി വീണ്ടും കളക്ടറെ കാണാൻ ചെന്നപ്പോൾ കളക്ടർ അവിടെ നിന്ന് സ്ഥലം വിടുകയും ചെയ്തു. ഇതു സംബന്ധിച്ച് ഡോക്ടർ അടിയോടി തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ റവന്യൂ വകുപ്പ് മന്ത്രിക്കും എല്ലാം പരാതി സമർപ്പിക്കുകയും പത്രക്കാരോടുപോലും ഈ കാര്യം പറയുകയും ചെയ്തതാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു എന്നു പറയാമോ ? ഇന്നും അഹമ്മദ് നഗർ പരിഷ്ക്കാരത്തിന്റെ ഭാഗമാണോ എന്നുള്ള കാര്യം വെളിപ്പെടുത്താമോ ?

ശ്രീ. ടി. എം. ജേക്കബ്: ഇത് അഹമ്മദ് നഗർ പരിഷ്ക്കാരത്തിന്റെ ഭാഗമല്ല. പ്രത്യേകിച്ചും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളോട് ഏത് ഉദ്യോഗസ്ഥൻ അപമര്യാദയായി പെരുമാറിയാലും കർക്കശമായ നടപടി സ്വീകരിക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. അങ്ങനെ അദ്ദേഹം പരാതിപ്പെട്ടിട്ടുണ്ടെങ്കിൽ തീർച്ചയായും നടപടി സ്വീകരിക്കും.

ശ്രീ. എ. ജോർജ്: കൊല്ലം ജില്ലയിലാണ് അഹമ്മദ് നഗർ പരിഷ്ക്കാരം ആദ്യമായി നടപ്പിൽ വരുത്തിയത്. റവന്യൂ വകുപ്പിലാണ് ആദ്യമായി നടപ്പിലാക്കിയത്. ജില്ലാ കളക്ടറേറ്റിൽ ഒരു മുറിയിൽ അഹമ്മദ് നഗർ പരിഷ്ക്കാരം ഏർപ്പെടുത്തുമ്പോൾ മറ്റുള്ളിടത്ത് ഫയൽ കൂടിക്കിടക്കുന്ന വസ്തുത മനസ്സിലാക്കി അഹമ്മദ് നഗർ പരിഷ്ക്കാരം നടപ്പിലാക്കാൻ സെലക്ട് ചെയ്യുന്ന എല്ലാ ജില്ലാ കളക്ടറേറ്റിലും ഡിപ്പാർട്ടുമെന്റുകളിലും ഇത് നടപ്പിൽ വരുത്താമോ ?

ശ്രീ. ടി എം. ജേക്കബ്: അങ്ങനെ ചെയ്യാമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കൊല്ലം കളക്ടറേറ്റിൽ വളരെ ഇഫക്ടീവായിട്ട് ഇത് നടക്കുന്നുണ്ട് എന്ന് ജനപ്രതിനിധികളും തന്നെ സമ്മതിക്കുന്നുണ്ട്. അവിടെ പല ഡിപ്പാർട്ടുമെന്റുകളിലായി കെട്ടിക്കിടന്ന, കാലഹരണപ്പെട്ടു കിടന്ന 1,77,740 ഫയലുകളും, ആവശ്യമില്ലാതെ കിടന്നതെല്ലാം, നശിപ്പിച്ചു കളയുകയും ആവശ്യമില്ലാത്ത ഉപകരണങ്ങളും നീക്കം ചെയ്യുകയും കൂടുതൽ സ്ഥല സൗകര്യങ്ങളും കണ്ടെത്തുകയും ഭംഗിയായി അതിന്റെ കാര്യങ്ങളും മുമ്പോട്ടു പോവുകയും ചെയ്യുന്നുണ്ട്. കളക്ടറേറ്റിലെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ഇത് പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പത്മനാഭൻ : അഹമ്മദ് നഗർ പരിഷ്ക്കാരം ഏർപ്പെടുത്തിയതിനുശേഷം സെക്രട്ടേറിയറ്റിൽ നിന്നും റിമൈൻറുകൾ ജില്ലാ കളക്ടറേറ്റിലേക്ക് അയയ്ക്കേണ്ടി വരാറില്ലായെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി ഈ നിയമസഭയിൽ പറഞ്ഞു. പേരാമ്പ്ര ഗവൺമെൻറ് കോളേജിനു വേണ്ടി അക്വയർ ചെയ്ത ഒരേക്കർ സ്ഥലം പേരാമ്പ്ര പ്രൈമറി ഹെൽത്ത് സെൻററിനു വേണ്ടി കൊടുത്തുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ട് വർഷങ്ങളായി. അതിൻെറ പുരോഗതി എന്തായിയെന്ന് ചോദിച്ചപ്പോൾ ജില്ലാ കളക്ടറേറ്റിൽ നിന്ന് യാതൊരു മറുപടിയും കിട്ടിയിട്ടില്ലായെന്നാണ് നിയമസഭയിൽ പറഞ്ഞത്. അതുപോലെയാണോ റിമൈൻറർ അയയ്ക്കുന്ന സമ്പ്രദായം നിർത്തി എന്നു പറഞ്ഞാൽ അവിടെ നിന്ന് വിവരം കിട്ടിയിട്ടില്ലെങ്കിൽ അങ്ങോട്ട് ഒന്നും എഴുതുന്നില്ലെന്ന് ഗവൺമെൻറ് തീരുമാനിച്ചു കഴിഞ്ഞോ ?

ശ്രീ. ടി. എം. ജേക്കബ് : ഈ പരിഷ്ക്കാരം ഏർപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങളിലൊക്കെ, സെക്രട്ടേറിയറ്റിലെ ഉയർന്ന ഉദ്യോഗസ്ഥൻമാരെ കളക്ടറേറ്റിലേക്കയച്ച് ഇങ്ങനെ കിട്ടിയിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് വിവരം ശേഖരിച്ച് പരിശോധിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. റിമൈൻറർ അയച്ച് വളരെ വർഷങ്ങളും പഴക്കമുള്ള കേസുകളുണ്ട്. എന്നാൽ റിമൈൻറർ സംവിധാനം ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്നത് ഇങ്ങനെ ഒരു പരിപാടിയിൽ കൂടിയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, കൊല്ലം ജില്ലയിൽ അഹമ്മദ് നഗർ പരിഷ്ക്കാരം ഏർപ്പെടുത്തിയ കാലത്ത് അതിന് ഒരു എന്തുസിയാസം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ പഴയതുപോലെ തീരുമാനങ്ങളെടുക്കുന്ന കാര്യത്തിൽ താമസമുണ്ടാകുന്നു. അപേക്ഷകൾ പ്രോസസ് ചെയ്യപ്പെടുന്നു. കാലതാമസം വീണ്ടുമുണ്ടാകുന്നു. ഇപ്പോൾ അതിൻെറ കൂടെ ഡീമോറലൈസേഷൻ വന്നു തുടങ്ങിയിട്ടുണ്ട്. തീരുമാനങ്ങളെടുക്കുന്നതിന് ഇന്ന് സെക്രട്ടേറിയറ്റ് ലെവൽ മുതൽ താഴോട്ട് ചില നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. സെക്രട്ടേറിയറ്റ് മാന്വൽ പഴയതാണ്. തീരുമാനങ്ങളെടുക്കുന്ന ലെവലുകളും ഘട്ടങ്ങളും എല്ലാം പഴയതുതന്നെയാണ്. വിധവാ പെൻഷൻ അനുവദിക്കുന്നതിൽപ്പോലും കാലതാമസം വരുന്നുണ്ട്. ഇപ്പോൾ അതിൻെറ അടിസ്ഥാനത്തിൽ കൊല്ലത്തുപോലും ഡീമോറലൈസേഷനാണ്. ബഹുമാനപ്പെട്ട ജോർജ് സൂചിപ്പിച്ചതുപോലെ ഒരു ഡിപ്പാർട്ടുമെൻറിൽ മാത്രമാണ് ഈ പരിഷ്ക്കാരം ഇഫക്ടീവായി നടപ്പിലാക്കിയത്. കുറെ പഴകിയ ഫയലുകൾ തീർപ്പാക്കി എന്നുള്ളത് ശരിയാണ്. അത് ശരിയായി കത്തിക്കുന്നതിന് ഒരു സംവിധാനം ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്. പഴയ കടലാസുകളൊക്കെ തീകത്തിച്ചു തുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് ജനങ്ങളുടെ പ്രശ്നം പരിഹരിക്കുന്നില്ല. ഈ അടുത്ത കാലത്തു തന്നെ കൊല്ലത്ത് വേറൊരു പരിഷ്ക്കാരം ഏർപ്പെടുത്താൻ ശ്രമിച്ചു. ഫയലിൽനിന്ന് ഫയലിലേക്ക് പുതിയ കളക്ടറുടെ പരിഷ്ക്കാരമാണ്. വിവിധ ഡിപ്പാർട്ടുമെൻറുകളിൽ സാമൂഹ്യ ക്ഷേമ വകുപ്പ്, കമ്മ്യൂണിറ്റി ഡെവലപ്മെൻറ് ഡിപ്പാർട്ടുമെൻറ്, ആയുർവേദം തുടങ്ങിയവ ഓരോ വില്ലേജുകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കൂടി അവിടെ കുടിശ്ശികയുള്ള അപേക്ഷകളോ പരാതികളോ ഫയലുകളോ ഉണ്ടെങ്കിൽ അവിടെ വച്ച് കളക്ടറേറ്റിലെ ആർ. ഡി. ഒ. പോലെയുള്ള ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ വച്ച് തീരുമാനങ്ങളെടുക്കുന്ന ഒരു നടപടി അടുത്ത കാലത്ത് നടന്നു. അത് ഫലപ്രദമായിക്കണ്ടു. ചട്ടങ്ങളിൽ മാറ്റം വരുത്തി ഫയലുകൾ കുറെക്കൂടി വേഗത്തിൽ നീക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനും തീരുമാനങ്ങളെടുക്കുന്നതിനും ഉള്ള ലെവലുകളിൽ ഇംപ്ലിമെന്റേഷൻ നടപടികളും സ്വീകരിക്കുന്നതിനും ഫയലുകളിൽ നിന്ന് ഫയലുകളിലോട്ട് എന്നുള്ള പരിഷ്ക്കാരം കൂടി ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മെമ്പർ പല കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. സെക്രട്ടേറിയറ്റ് മാനുവൽ പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അഹമ്മദ് നഗർ പരിഷ്ക്കാരം ഏർപ്പെടുത്തുന്നതിൽ പ്രയോജനമില്ലെന്നു പറഞ്ഞത് ശരിയല്ല. നമ്മുടെ ഓരോ സർക്കാർ ആഫീസുകളിലും കാണുന്ന ഒരു പ്രത്യേകത എന്നു പറയുന്നത് സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ, ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമായി കിട്ടാതിരിക്കുന്ന ധാരാളം സാഹചര്യങ്ങളുണ്ട്. ഇപ്പോൾ ഇത് ഇഫക്ടീവായിട്ട് നടപ്പിലാക്കിയിരിക്കുന്ന സ്ഥലങ്ങളിൽ ചെന്നാൽ, കൗണ്ടറിൽത്തന്നെ ചെല്ലുമ്പോൾ വളരെ ചുരുങ്ങിയ നിരക്കിൽ പല സ്ഥലങ്ങളിലും 25 പൈസ നിരക്കിലാണ് ഇതിനുള്ള അപേക്ഷാ ഫാറങ്ങൾ കൊടുക്കുന്നത്. 25 പൈസയ്ക്ക് ഇവിടെ കൊടുക്കുന്ന അപേക്ഷാഫാറമായിരിക്കും പുറത്തുള്ള ആളുകൾക്ക് 10 രൂപയ്ക്കും 15 രൂപയ്ക്കും കൊടുക്കുന്നത്. അതുപോലെതന്നെ അപേക്ഷാ ഫോറങ്ങൾ സൗജന്യമായി പൂരിപ്പിച്ച് കൊടുക്കുന്നുണ്ട്. ഈ കൗണ്ടറിൽത്തന്നെ, അങ്ങനെ ജനങ്ങളെ ഏറ്റവും സൗകര്യപ്രദമായി സേവിക്കുക എന്നുള്ളതാണ് ലക്ഷ്യം. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം അഹമ്മദ് നഗർ പരിഷ്ക്കാരത്തിന്റെ ഭാഗമായിട്ടു തന്നെയാണ് ഇത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നാണ്. വില്ലേജുകളിൽ റവന്യൂ ക്യാമ്പ് എന്ന നിലയിൽ സംഘടിപ്പിക്കുന്നുണ്ട്. റവന്യൂ ക്യാമ്പിൽ ഉദ്ദേശിക്കുന്നത് ജില്ലയിലെയും അതുപോലെ സബ് ഡിവിഷനിലെയും താലൂക്കിലെയും ഉദ്യോഗസ്ഥൻമാർ വില്ലേജാഫീസുകളിൽ ചെന്ന് അവിടെയുള്ള പല കാര്യങ്ങളും പൂർണ്ണമായി പരിഷ്ക്കരിക്കുകയെന്നുള്ളതാണ്. കായംകുളം നിയോജകമണ്ഡലത്തിൽത്തന്നെ ഒരു വില്ലേജിൽ പരിഷ്ക്കാരം ഏർപ്പെടുത്തിയ ശേഷം പോക്കുവരവ് എടുത്തു കിടന്നിരുന്ന അനേകം കാര്യങ്ങളിൽ എത്രയുംവേഗം തീരുമാനങ്ങളെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. റവന്യൂ ക്യാമ്പ് ഇഫക്ടീവായിട്ട് നടപ്പിലാക്കാൻ കഴിഞ്ഞിരുന്ന വില്ലേജുകളിൽ തീരുമാനങ്ങൾ ആകാതെ കിടന്നിരുന്ന ധാരാളം കേസുകളിൽ വളരെ വേഗത്തിൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് ഫലപ്രദമായി എല്ലാ സ്ഥലങ്ങളിലും വ്യാപിപ്പിക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീ. രമേശ് ചെന്നിത്തല : നമ്മുടെ ജില്ലാ വികസന സമിതികളിൽ അഹമ്മദ് നഗർ പരിഷ്ക്കാരത്തോടനുബന്ധിച്ച് എന്തെങ്കിലും പരിഷ്ക്കാരം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : ജില്ലാ വികസന സമിതികൾക്ക് ഇതുമായിട്ട് ബന്ധമില്ല. ജില്ലാ വികസന സമിതികളും കൂടുകയും അവർക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ ഇതു സംബന്ധിച്ച് ഉണ്ടെങ്കിൽ പറയുകയും ചെയ്താൽ പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ് : ജില്ലാ താലൂക്ക് റവന്യൂ മേഖല ഉൾപ്പെടെ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. പക്ഷെ സെക്രട്ടേറിയറ്റിൽ രണ്ടു കൊല്ലത്തിൽ കൂടുതലായി പഴക്കമുള്ള ഫയലുകൾ ഇരിക്കുന്ന സെക്ഷനുണ്ടെന്ന് ഈ നിയമസഭയിൽ ചോദ്യോത്തര വേളയിൽ വന്നതാണ്. ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

വല്ല തീരുമാനവുമായിട്ടുണ്ടോ ? സെക്രട്ടേറിയറ്റിലെ ഫയൽ ഒന്നു തീർക്കാൻ എന്തെങ്കിലും നിയമമുണ്ടോ ? എന്തെങ്കിലും തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ടോ ?.

ശ്രീ. ടി. എം. ജേക്കബ് : സെക്രട്ടേറിയറ്റിൽ സാധാരണയുള്ള കീഴ്വഴക്കമെന്നു പറയുന്നത്, സെക്രട്ടേറിയറ്റിലെ ഒരു ഉദ്യോഗസ്ഥന്റെ അടുക്കൽ ഫയലുകൾ ഏതാനും ദിവസങ്ങളിൽ കൂടുതൽ വയ്ക്കാൻ പാടില്ലെന്നാണ്. പക്ഷെ ഇവിടെ ഫയലുകൾ കെട്ടിക്കിടക്കുന്നുയെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കഴിഞ്ഞ രണ്ടു മാസത്തിനു മുമ്പ് ഗവൺമെന്റ് പൊതുവായിട്ടെടുത്ത ഒരു തീരുമാനം അനുസരിച്ച് ഇവിടെ രണ്ടാഴ്ചക്കാലം പഴകിയ ഫയലുകൾ ഡിസ്പോസ് ചെയ്യുന്നതിനു വേണ്ടിയുള്ള വാരമായി ആചരിക്കുകയും സകല ഉദ്യോഗസ്ഥൻമാരും മന്ത്രിമാരും ഇവിടെ കാണണമെന്നുള്ള നിബന്ധനയിൽ പ്രവർത്തിക്കുകയും ചെയ്തു. അതുവഴി അനേകായിരം ഫയലുകളിൽ തീരുമാനമെടുത്തിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകളിൽ കാല താമസം കൂടാതെതന്നെ റിപ്പോർട്ടു ചെയ്യണമെന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം. അതനുസരിച്ചുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും ഡിപ്പാർട്ടുമെന്റുകൾക്കും കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : കൊല്ലം കളക്ടറേറ്റിൽ ആണ് ആദ്യം നടപ്പാക്കിയതെന്ന് പറഞ്ഞു. ഒരു കൊല്ലം നടപ്പായതിന്റെ കാര്യം ഇവിടെ പറഞ്ഞു. ഫയലുകൾ കെട്ടിക്കിടക്കുന്നതിനേറെയും ആളുകളുടെ പരാതികളിൻമേൽ വേഗത്തിൽ തീരുമാനം ഉണ്ടാക്കാൻ കഴിയാത്തതിനേറെയും അടിസ്ഥാനപരമായ കാരണം ഇന്ന് നിലനിൽക്കുന്ന ചുവപ്പുനാടാ സമ്പ്രദായവും അധികാര കേന്ദ്രീകരണവും ആണെന്നുള്ള കാര്യം എത്രയോ മുമ്പ് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അത് അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് ജില്ലാ അഡ്മിനിസ്ട്രേറ്റീവ് ബിൽ ഈ സഭ പാസാക്കിയത്. പ്രസിഡൻറിന്റെ അംഗീകാരം കിട്ടി. ഇപ്പോഴത് ആക്ടായിട്ട് നിലവിലുണ്ട്. അഹമ്മദുനഗർ പരിഷ്ക്കാരത്തോടൊപ്പംതന്നെ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേറ്റീവ് ആക്ട്കൂടി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : 1977-ലെ നിയമസഭ പാസാക്കി വച്ചിരുന്നതാണ്. 1980-ൽ വന്ന ഗവൺമെന്റ് അത് പരിശോധിച്ച് കുറേ സാങ്കേതിക കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ കാര്യം ഇപ്പോഴും പരിശോധിച്ചുവരികയാണ്, തീരുമാനം ആയിട്ടില്ല.

ശ്രീ. ബെന്നി ബഹനാൻ : കൊല്ലം താലൂക്ക് ആഫീസിലെ ഭിത്തികളിൽ ഗവൺമെന്റിന്റെ ചില പരിപാടികളും കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗപെൻഷൻ തുടങ്ങിയവ ലഭിക്കുന്നതിന് ഏതു സമയത്ത് സമീപിക്കണമെന്ന് എഴുതിവച്ചിട്ടുണ്ട്. അഹമ്മദ്നഗർ പരിഷ്ക്കാരം ഉൾപ്പെടുത്തി ജില്ലാ കളക്ടറേറ്റിന്റെ ഭിത്തികളിൽ ഇന്ന് സാധാരണ നഗ്ന ചിത്രങ്ങളാണ് പതിച്ചിരിക്കുന്നത്. അതുമാറ്റി ഇത്തരം പരസ്യങ്ങൾ പതിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ജനങ്ങൾക്ക് സൗകര്യപ്രദമായ, പ്രയോജനപ്രദമായ കാര്യങ്ങൾ ഭിത്തികളിൽ പ്രദർശിപ്പിക്കാറുണ്ട്. കൊല്ലം താലൂക്ക് ആഫീസിൽ ഇതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ആ കാര്യങ്ങൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ : വിവിധ വകുപ്പുകളും ആഫീസുകളുമായി ബന്ധമുള്ളതുകൊണ്ട് ചില ഇടങ്ങളിൽ മാത്രം ഈ പരിഷ്ക്കാരം നടപ്പാക്കിയതുകൊണ്ട് പ്രയോജനമില്ല. അതുകൊണ്ട് സംസ്ഥാനത്തെ എല്ലാ ആഫീസുകളിലും ഒറ്റയടിയ്ക്ക് ഈ പരിഷ്ക്കാരം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഫെയ്സ്ഡ് പ്രോഗ്രാമായിട്ട് ചെയ്യുന്നതായിരിക്കും നല്ലത്. മഹാരാഷ്ട്ര സംസ്ഥാനത്തിലെ അഹമ്മദ്നഗർ എന്ന ഡിസ്ട്രിക്ടിലാണ് ആദ്യം ആരംഭിച്ചത്. ആ ഡിസ്ട്രിക്ടിൽപോലും എല്ലാതലങ്ങളിലും വ്യാപിച്ചിട്ടില്ല. ഏക്സ്പിരിമെന്റ് എന്നുള്ളനിലയ്ക്കാണ് ആരംഭിച്ചത്. അതിന്റെ പ്രവർത്തനം ഭംഗിയാണ്, ഗുണകരമാണ്, പ്രയോജനപ്രദമാണ് എന്ന് തെളിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇത് ഒരു ഫെയ്സ്ഡ് പ്രോഗ്രാം ആയിട്ട് എല്ലാ സ്ഥലങ്ങളിലും തുടങ്ങണമെന്നാണ് ആഗ്രഹിക്കുന്നത്.

ശ്രീ. ഇ. കെ. നായനാർ : അഹമ്മദാബാദിൽ ഇപ്പോഴത്തെ പരിഷ്ക്കാരം നടപ്പാക്കുകയില്ല. ഇപ്പോഴും അവിടെ ജാതിലഹളയും കർഫ്യൂവും മുസ്ലീം ലഹളയുമാണ്. അതുകൊണ്ട് ആ പരിഷ്ക്കാരം നടപ്പാക്കുകയില്ലെന്ന് ഉറപ്പാണ് അഹമ്മദാബാദും അഹമ്മദ്നഗറും തമ്മിൽ ബന്ധപ്പെട്ടതാണ്. അഹമ്മദ് നഗർ പരിഷ്ക്കാരം നിലവിലിരിക്കുന്ന നിങ്ങളുടെ ഭരണത്തിൻകീഴിൽ 1700 പെറ്റിഷൻ ഞാൻ അയച്ചിട്ടുണ്ട്. ശ്രീ. അഹമ്മദിനും പെറ്റിഷൻ അയച്ചിട്ടുണ്ട്. 1700 പെറ്റിഷൻ അയച്ചതിൽ ഏകദേശം അമ്പതിൽ താഴെ പെറ്റിഷനു മാത്രമേ മറുപടി കിട്ടിയിട്ടുള്ളു. അതൊന്ന് ഡിസ്പോസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ? കൊല്ലത്ത് തീ കത്തിക്കുന്ന ഡിസ്പോസലല്ല. ആ പെറ്റിഷന്റെ കാര്യത്തിൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ? അതിന് വല്ല ചിന്തയുണ്ടോ ? ആലോചനയുണ്ടോ ? പെറ്റിഷൻ കൊടുക്കുമ്പോൾ അതിന് അച്ചടിച്ച് വച്ചിട്ടുള്ള മറുപടി പണ്ട് ഞാനും കൊടുത്തിട്ടുണ്ട്. അതല്ലാതെ പെറ്റിഷൻ കൊടുത്താൽ അതിന്റെ കണ്ടൻസിനെ സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് വല്ല മാർഗ്ഗമോ സാധ്യതയോ ഇപ്പോൾ നിലവിലുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : നേരത്തെ ഒരു ചോദ്യത്തിന് മറുപടിയായിട്ട് പറഞ്ഞു. പ്രത്യേകിച്ചും പ്രതിപക്ഷനേതാവ് അയയ്ക്കുന്ന കത്തുകൾക്ക് പെട്ടെന്ന് മറുപടി അയയ്ക്കണമെന്നും തീരുമാനം ഉണ്ടാക്കുകയും ചെയ്യണമെന്നാണ് ഗവൺമെന്റിന്റെ നിർദ്ദേശം. 1700 പെറ്റിഷൻ അയച്ചതിൽ അമ്പതെണ്ണത്തിനു മാത്രമേ മറുപടി കിട്ടിയുള്ളുവെന്ന് പറഞ്ഞു. ഞാൻ തന്നെ അങ്ങേക്ക് അമ്പതിൽ കൂടുതൽ കത്തുകൾക്ക് മറുപടി അയച്ചിട്ടുണ്ടെന്നാണ് ഓർമ്മ. എം.എൽ.എ. മാരയയ്ക്കുന്ന കത്തുകൾക്ക് ഏറ്റവും വേഗത്തിൽ തിരുമാനമെടുക്കണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിന് നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

ശ്രീ. വി. ദിനകരൻ : മന്ത്രിമാർക്ക് കൊടുക്കുന്ന നിവേദനത്തിന്റെ അക്നോളഡ്ജ്മെന്റ് കൃത്യസമയത്ത് കിട്ടാറുണ്ട്. അതു സംബന്ധിച്ച് അന്തിമ തീരുമാനം ഒരു വർഷമായാൽപോലും ഉണ്ടാകുന്നില്ലെന്നുള്ളത് പരിഗണിച്ച് അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ? പല ജില്ലകളിലും ഈ പരിഷ്ക്കാരം സമയ പരിധിക്കുള്ളിൽ നടപ്പാക്കുമെന്നു പറഞ്ഞു. ആലപ്പുഴ ജില്ലയിൽ അഹമ്മദ്നഗർ പരിഷ്ക്കാരം നടപ്പാക്കുന്നതിനെക്കുറിച്ച് പറഞ്ഞു കേട്ടില്ല. ആ ജില്ലയിൽ കൂടി ഈ പരിഷ്ക്കാരം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : എം.എൽ.എ. മാർ നൽകുന്ന പെറിഷന്റെ ഉള്ളടക്കത്തെ ആശ്രയിച്ചിരിക്കും അതിന്റെ കാലദൈർഘ്യം. എന്നിരുന്നാലും ഏറ്റവും വേഗത്തിൽ എം.എൽ.എ. മാരുടെ കത്തുകളോടുകൂടി അയയ്ക്കുന്ന ഫയലുകളം പെട്ടെന്ന് നോക്കണമെന്നാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. ആലപ്പുഴ ജില്ലയിൽ അഹമ്മദ്നഗർ പരിഷ്ക്കാരം ഏർപ്പെടുത്തിയിട്ടില്ല. ഇപ്പോൾ അവിടെ പണിതുകൊണ്ടിരിക്കുന്ന പുതിയ ബ്ലോക്കിന്റെ നിർമ്മാണം ഉടൻ തന്നെ പൂർത്തിയാകും. സ്ഥലസൗകര്യം പ്രധാനപ്പെട്ട ഘടകമാണ്. ഇത് പൂർത്തിയായി കഴിഞ്ഞാൽ ഉടൻ തന്നെ ഈ പരിഷ്ക്കാരം അവിടേയും ഏർപ്പെടുത്തുന്നതാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : അഹമ്മദ് നഗർ രേണ പരിഷ്ക്കാരം നടപ്പാക്കിയതിനുശേഷം ഏതെങ്കിലും ജില്ലയിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ മനപ്പൂർവ്വം ഫയൽവച്ച് താമസിപ്പിച്ചുവെന്ന പരാതി കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അങ്ങനെയുള്ള പരാതികളുടെമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉദ്യോഗസ്ഥനെ ശിക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : രേഖാമൂലം പരാതി കിട്ടിയിട്ടില്ലെന്നാണ് അറിയുന്നത്. വീക്കിലി കോൺഫറൻസിൽ ഇങ്ങനെയുള്ള പരാതികൾ വരുമ്പോൾ അപ്പോഴപ്പോൾ പരിശോധിക്കാറുണ്ട്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : അഹമ്മദ്നഗർ പരിഷ്ക്കാരം കൊല്ലം ജില്ലയിൽ ആരംഭിച്ചു. അത് വിജയകരമാണെന്ന് പറഞ്ഞു. മറ്റു പല ജില്ലകളിലും തുടപ്പാക്കുമെന്ന് പറഞ്ഞു. ഉദ്യോഗസ്ഥൻമാർ ജനങ്ങളോട് എങ്ങനെ പെരുമാറണമെന്നും ഫയലുകൾ കാലതാമസം കൂടാതെ എങ്ങനെ ഡിസ്പോസ് ചെയ്യണമെന്നുമുള്ള നടപടിക്രമങ്ങളുമൊക്കെ പരിശീലിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് ഇപ്പോൾ കൊല്ലം ജില്ലയിലേയുള്ളൂ. അത് മറ്റു ജില്ലകളിലും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : കൊല്ലം കളക്ടറേറ്റിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതേ മാതൃകതന്നെ മറ്റു കളക്ടറേറ്റിലും ഏർപ്പെടുത്തണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിനുപുറമേ തിരുവനന്തപുരത്തുള്ള ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മാനേജുമെന്റിൽ ഉദ്യോഗസ്ഥൻമാരെ വിളിച്ചു വരുത്തി ട്രെയിനിംഗ് കൊടുക്കുന്നുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : അഹമ്മദ്നഗർ പരിഷ്ക്കാരം ഏർപ്പെടുത്തുന്നതിനു മുമ്പായി കേരള ഗവൺമെന്റ് ഒരു സ്പെഷ്യൽ ആഫീസറെ ഇതു സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ നിയോഗിച്ചിരുന്നു. ആ സ്പെഷ്യലാഫീസറുടെ റിപ്പോർട്ട് ഗവൺമെന്റിനു കൊടുത്തിട്ടുണ്ട്. അതിൽ പറയുന്ന ഒരു പ്രധാന കാര്യം ഇന്നത്തെ ഉദ്യോഗസ്ഥൻമാരുടെ മനോഭാവത്തിൽ വരുന്ന മാറ്റമാണ്. അത് എങ്ങനെ കൊടുക്കാതിരിക്കും എന്നുള്ളതാണ് അപ്രോച്ച്. അതിൽ എന്തെല്ലാം തകരാറ് ഉണ്ടെന്നു നോക്കുന്ന സമീപനത്തിനു പകരം ഫയലിൽ അടങ്ങിയിട്ടുള്ള കാര്യം പരിശോധിച്ച് ഇത് മാനുഷിക പ്രശ്നമാണെന്നും ഇത് എങ്ങനെ നിർവ്വഹിച്ചു കൊടുക്കാമെന്നുമുള്ള അപ്രോച്ച് ഉണ്ടാകണം. നിർഭാഗ്യവശാൽ മറിച്ചാണ് ഇവിടെ നടക്കുന്നത്. ഇതിനു എന്തെല്ലാം ടെക്നിക്കൽ ഒബ്ജക്ഷൻ ഉണ്ടെന്നാണ് നോക്കുന്നത്? അതു മാറി ഇത് മാനുഷിക പ്രശ്നമാണെന്നും ഇത് എങ്ങനെ ചെയ്തു കൊടുക്കാമെന്നും ആലോചിക്കണം. അഹമ്മദ്നഗർ പരിഷ്ക്കാരം കൊണ്ട് അതാണ് ഉദ്ദേശിക്കുന്നത്. ഉദ്യോഗസ്ഥൻമാരുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനുവേണ്ടി, ഉദ്യോഗസ്ഥൻമാർക്ക് പല പരാതികളുമുണ്ട്; എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നു. ഗവൺമെൻറ് 30-9-1983-ൽ ആണ് ഗോപാലകൃഷ്ണപിള്ളയെ ഈ കാര്യത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി അഹമ്മദ്നഗറിലേക്ക് ഡെപ്യൂട്ട് ചെയ്തത്. അദ്ദേഹം തന്ന റിപ്പോർട്ട് എൻറെ കയ്യിലുണ്ട്. അതിനകത്ത് പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ് അഹമ്മദ്നഗർ പരിഷ്ക്കാരവുമായി ബന്ധപ്പെടുത്തി ഇപ്പോഴും നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആഫീസ് പരിസരം ശുചിയായി സൂക്ഷിക്കുക, അതുപോലെതന്നെ ആഫീസ് ചിട്ടയായും ക്രമമായും ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ പ്രവർത്തിപ്പിക്കുക തുടങ്ങിയ പല കാര്യങ്ങളും അതിൽ പറഞ്ഞിട്ടുണ്ട്. ഉദ്യോഗസ്ഥൻമാരുടെ മനസ്ഥിതിയിൽ മാറ്റം ഉണ്ടാക്കാൻ വേണ്ടിയാണ് വീക്കിലി കോൺഫറൻസുകൾ നടത്തുന്നത്. ആദ്യം വായിച്ചതുപോലെയുള്ള നല്ല നല്ല കാര്യങ്ങൾ ഇവർ കാണത്തക്ക വിധത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഒരു ജൂനിയർ സൂപ്രണ്ടിൻറെ കീഴിൽ വർക്കു ചെയ്യുന്നവർ ജൂനിയർ സൂപ്രണ്ടിനെ ഫെയിസ് ചെയ്ത് ഇരിക്കണം. അതുപോലെതന്നെ ടേബിളിൽ ഫയലുകൾ കുന്നുകൂടി കിടക്കാൻ പാടില്ല. ടേബിളിൽ ഓരോ സെക്ഷൻറെയും ക്ലാർക്കിൻറെ നമ്പരും എല്ലാം എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്. അങ്ങനെ ചിട്ടയായും ക്രമമായും ഇരിക്കുന്ന ആഫീസിൽ ഭംഗിയായി കാര്യങ്ങൾ നടക്കും. ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ ആ കാര്യങ്ങൾ മുന്നോട്ടു നീക്കുകയും ചെയ്യുന്നുണ്ട്. ജനങ്ങൾക്ക് അത് സഹായകരവും പ്രയോജനപ്രദവുമാണെന്നാണിതുവരെയുള്ള അനുഭവത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അഹമ്മദ്നഗർ ഭരണ പരിഷ്ക്കാരത്തിൻറെ പേരിൽ ആഫീസുകളിലെ ഫയലുകളിൻമേൽ കൃത്യമായും ഉത്തരം നൽകുന്നതിനും മറുപടി കൊടുക്കുന്നതിനുമുള്ള സംവിധാനത്തെക്കുറിച്ചാണ് പറഞ്ഞത്. നിയമസഭയിൽ ചോദിച്ച ചോദ്യങ്ങൾക്കുപോലും കൃത്യമായി ഉത്തരം കിട്ടാത്ത അവസ്ഥ ഇവിടെയുണ്ട്. നിയമസഭ തുടങ്ങുന്ന ദിവസം ചോദിച്ച ചോദ്യത്തിനുപോലും ഇതുവരെ മറുപടി ലഭിക്കാത്ത അവസ്ഥയുണ്ട്. നിയമസഭയിലെങ്കിലും അംഗങ്ങൾ ചോദിക്കുന്ന ചോദ്യത്തിന് ഉത്തരം കൊടുക്കുന്നതിനുള്ള മാതൃക സ്വീകരിച്ചു കൊണ്ടുപോരേ അഹമ്മദ്നഗർ പരിഷ്ക്കാരം നടത്തുന്നത്.

ശ്രീ. ടി.എം. ജേക്കബ് : അങ്ങ് ആണ് ഇതിനുത്തരം നൽകേണ്ടത്. ചോദ്യങ്ങൾ ചോദിക്കുമ്പോൾ മന്ത്രിമാർ ഉത്തരം നൽകാറുണ്ട്. ചില ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം ചില ഡിപ്പാർട്ടുമെൻറുകളിൽനിന്ന് വിവരം ശേഖരിച്ച് കിട്ടാൻ താമസം വരും. പന്ത്രണ്ട് ദിവസമാണ് നമുക്ക് കിട്ടുന്നത്. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെൻറിൽ കിട്ടിയാൽ അത് മറ്റു പല സ്ഥലങ്ങളിൽനിന്നും ശേഖരിച്ച് കിട്ടേണ്ട വിവരമാണെങ്കിൽ ബുദ്ധിമുട്ട് വരുന്നുണ്ട്. അതല്ലാതെ മനപൂർവ്വമായിട്ട് നിയമസഭയിൽ ഗവൺമെൻറ് ഉത്തരം നൽകാതിരിക്കുകയില്ല.

ശ്രീ. കെ. മുഹമ്മദാലി : അഹമ്മദ്നഗർ പരിഷ്ക്കാരവും കാലാകാലങ്ങളിൽ നടത്തുന്ന പരിഷ്ക്കാരങ്ങളുമെല്ലാംതന്നെ ജനങ്ങളുടെ ക്ലേശം ഒഴിവാക്കാൻ വേണ്ടിയുള്ളതാണ്. ഇവിടെ പല പരിഷ്ക്കാരങ്ങളും നടപ്പാക്കുന്നുണ്ടെങ്കിൽതന്നെ നടപടിക്രമങ്ങൾ കൂടുതൽ സങ്കീർണ്ണമായിട്ടാണ് വരുന്നത്. നടപടിക്രമങ്ങൾ ലഘൂകരിക്കാനുള്ള ഭരണ പരിഷ്ക്കാര കമ്മീഷനുകളുടെ ശുപാർശ ഗവൺമെൻറിൽ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് ജനങ്ങളുടെ ക്ലേശം ലഘൂകരിക്കാനും അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെതന്നെ ഉദ്യോഗസ്ഥൻമാരുടെ മനോഭാവത്തിൽ മാറ്റം വരുത്താനുമുള്ള ഏതു നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അതിന് മറുപടി പറഞ്ഞുകഴിഞ്ഞതാണ്. അധികാര വികേന്ദ്രീകരണം ഓരോ ഡിപ്പാർട്ടുമെന്റിലും നടക്കുന്നുണ്ട്. സീനിയർ ആഫീസേഴ്സ് കൂടുതൽ അധികാരം ഡെലിഗേറ്റ് ചെയ്തു മറ്റുള്ളവർക്ക് കൊടുത്ത് വളരെവേഗം കാര്യങ്ങൾ തീർക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. രണ്ടാമത്തെ ചോദ്യത്തിന് മറുപടി നേരത്തേ പറഞ്ഞതാണ്.

ശ്രീ. എം. എം. ഹസ്സൻ : റവന്യൂ വകുപ്പിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന അഹമ്മദ്നഗർ പരിഷ്ക്കാരം വ്യവസായ വകുപ്പിൽ കൂടി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അത് അദ്ദേഹം പ്രത്യേകമായി നോക്കും.

ശ്രീമതി കെ. ആർ. ഗൗരി : സെക്രട്ടേറിയറ്റിൽ രണ്ടാഴ്ചയ്ക്കകം ഫയലുകളിൽ നടപടി സ്വീകരിക്കണമെന്ന തീരുമാനം ഉണ്ടായിയെന്നു പറഞ്ഞു. സെക്രട്ടേറിയറ്റിൽ മന്ത്രിമാർക്ക് എം. എൽ. എ. മാർ പെറ്റീഷൻ അയയ്ക്കാറുണ്ട്. ഞാൻ എഴുത്തച്ഛൻ സ്മാരകത്തെ സംബന്ധിച്ച പെറ്റീഷൻ ലോക്കൽ അഡ്മിനിസ്ട്രേഷൻ മന്ത്രിക്ക് അയച്ചു. എഡ്യൂക്കേഷൻ മന്ത്രിക്കും അയച്ചു. എഡ്യൂക്കേഷൻ മന്ത്രി മറുപടി തന്നു ഡിപ്പാർട്ടുമെന്റിന് അയച്ചു പരിശോധിക്കുന്നതാണെന്ന്. നിയമസഭയിൽ ചോദ്യം ചോദിച്ചാൽ ഇങ്ങനെ പെറ്റീഷൻ പോലും കിട്ടിയില്ലെന്നാണ് മറുപടി പറയുന്നത്. രണ്ടാഴ്ചയ്ക്കകം ഡിസ്പോസ് ചെയ്യുന്നുവെന്നാണ് പറയുന്നത്. ലോക്കൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ മറുപടി ഇങ്ങനെയൊരു നിവേദനമേ കിട്ടിയിട്ടില്ലെന്നാണ്. ഇങ്ങനെയാണോ രണ്ടാഴ്ചയ്ക്കകം ഫയലുകൾ ഡിസ്പോസ് ചെയ്യുമെന്ന് പറയുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : എനിക്ക് കിട്ടുന്ന പെറ്റീഷനുകൾക്ക് മറുപടി അയയ്ക്കാറുണ്ട്. ഞാൻതന്നെ എഴുത്തച്ഛൻ സ്മാരകത്തിന്റെ കാര്യത്തിൽ മറുപടി തന്നതാണ്. ശ്രീമതി ഗൗരിയമ്മ എഴുതിയതിനകത്ത് പിശകു പറഞ്ഞിട്ടുണ്ട്. സ്വയംഭരണ സ്ഥാപനത്തിൽകൂടി ഇതിനുള്ള സഹായം കൊടുക്കണമെന്ന നിലയിലായിരുന്നു പെറ്റീഷൻ. അതുകൊണ്ട് പൊതു വിദ്യാഭ്യാസ വകുപ്പിൽനിന്നും ലേബർ വകുപ്പുമന്ത്രിക്ക് അയച്ചു. അടുത്ത തിങ്കളാഴ്ചത്തെ അൺസ്റ്റാർഡ് ക്വസ്റ്റ്യനു അതിനുള്ള മറുപടി കൊടുത്തിട്ടുണ്ട്. ഈ കാര്യത്തിൽ എന്താണ് ചെയ്യാൻ പോകുന്നതെന്നുള്ള കാര്യം നിയമസഭയിൽതന്നെ മറുപടി പറയുകയും നേരത്തേ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീമതി കെ. ആർ. ഗൗരി : ഇങ്ങനെയൊരു പെറ്റീഷൻ കിട്ടിയിട്ടില്ലെന്നാണ് പറയുന്നത്. ഇങ്ങനെയാണോ രണ്ടാഴ്ചയ്ക്കകം ഡിസ്പോസ് ചെയ്യുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : ശ്രീമതി ഗൗരിയമ്മയും വളരെക്കാലം മന്ത്രിയായി ഇരുന്നിട്ടുള്ളതാണ്. ആൻസർ തയ്യാറാക്കുമ്പോൾ ഫയലിൽ പെറ്റീഷൻ ഉണ്ടെങ്കിൽ മാത്രമാണ് ഇങ്ങനെ പരാതി ഉണ്ടെന്ന് പറയാൻ കഴിയുന്നത്. അത് എങ്ങനെയോ സംഭവിച്ചിട്ടുള്ള പിശകാണ്. അങ്ങനെ സംഭവിക്കാതിരിക്കാൻ പ്രത്യേകമായ നിർദ്ദേശം കൊടുക്കാം. ഫയലിൽ ഉള്ളതിന്റെ അടിസ്ഥാനത്തിലേ നിയമസഭയിൽ ഉത്തരം പറയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ : ഫയലുകളിൽ തീരുമാനമായിക്കഴിഞ്ഞാൽ ആ ഫയലുകൾ നശിപ്പിച്ചു കളയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കൊല്ലം കളക്ടറേറ്റിന്റെ മുറ്റത്ത് ഫയലുകൾ നശിപ്പിക്കുന്നതിനുവേണ്ടിയുള്ള ഗോപുരം കെട്ടി ഉയർത്തിക്കൊണ്ടിരിക്കുകയാണ്. ഫയലുകൾ നശിപ്പിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട കക്ഷിയെ വിവരം അറിയിക്കുമോ ? അതിന്റെ നടപടിക്രമം എന്താണെന്ന് വിശദമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഫയലുകളിൽ തീരുമാനമെടുത്താൽ ഉടനെ നശിപ്പിക്കുകയെന്നുള്ളതല്ല ഉദ്ദേശിക്കുന്നത്. ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന പൊതുതത്വം ഇത്രവർഷം കഴിയുന്ന ഫയലുകൾ നശിപ്പിച്ചുകളയാമെന്നാണ്. നശിപ്പിച്ചു കളയുന്ന ഫയലുകൾ പിന്നീട് ആവശ്യമില്ലാത്തതായിരിക്കും. എല്ലാ നടപടിയും സ്വീകരിച്ചതായതുകൊണ്ടാണ് നശിപ്പിക്കുന്നത്. ഇങ്ങനെ നശിപ്പിച്ചു കളയുമ്പോൾ ആ ഫയലുമായി ബന്ധപ്പെട്ട ആളെ അറിയിക്കണമെന്നില്ല.

ശ്രീ. കെ. മൂസ്സക്കുട്ടി : അഹമ്മദ്നഗർ പരിഷ്ക്കാരം നടപ്പിൽ വരുത്തുന്നതിനുവേണ്ടി പല സംവിധാനങ്ങളും ചെയ്യുന്നതായിരിക്കുമെന്നു പറഞ്ഞു. വളരെ അടിയന്തിരമായി, താലൂക്ക് ആഫീസിലും ജില്ലാ കളക്ടറേറ്റിലും എല്ലാം പരാതി കൊടുക്കുന്ന ആളുകൾക്ക് അതേ സമയത്തുതന്നെ അക്നോളഡ്ജ്മെന്റ് എങ്കിലും കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഇതിന്റെ ഭാഗമായി അങ്ങനെയുള്ള നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : അഹമ്മദ്നഗർ പരിഷ്ക്കാരം കൊല്ലം ജില്ലയിലാണ് ആദ്യമായി നടപ്പാക്കിയതെന്ന് പറഞ്ഞു. അവിടെ അഭിമാനകരമായ എന്തെല്ലാം നേട്ടമാണ് ഉണ്ടാക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ആദ്യം ഇതേക്കുറിച്ച് പറഞ്ഞതാണ്. അഹമ്മദ്നഗർ പരിഷ്ക്കാരം ഏർപ്പെടുത്തിയതുകൊണ്ട്. ഏറ്റവും കൂടുതൽ പ്രയോജനം ലഭിച്ചിരിക്കുന്നത് സാധാരണക്കാരായ ജനങ്ങൾക്കാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക അതുപോലെതന്നെ കാര്യക്ഷമതയോടുകൂടി ആഫീസിന്റെ പ്രവർത്തനം നടത്തുക, തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ആഫീസ് ചിട്ടയായും ക്രമമായും പ്രവർത്തിക്കാൻ തുടങ്ങിയതോടുകൂടി എല്ലാ കാര്യത്തിലും നല്ല പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. സി. ജോസ് : പ്രതിപക്ഷ നേതാവു ചോദിച്ചപ്പോൾ അഹമ്മദ്നഗർ ഇപ്പോഴത്തെ നിലയിൽ അനുകരിക്കുന്നത് നല്ലതല്ലെന്ന് പറയുകയുണ്ടായി. അതിനേറെയെല്ലാം അടിസ്ഥാനത്തിൽ കേരളത്തിൽ താലൂക്കുതലത്തിൽ ഒരു മഹാനഗർ പരിഷ്ക്കാരം നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അഹമ്മദ്നഗർ പരിഷ്ക്കാരം അഖിലേന്ത്യാതലത്തിൽ അംഗീകരിച്ചിരിക്കുന്ന പരിഷ്ക്കാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly